LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്കായി 56 കോടി രൂപയുടെ 18 സംരംഭങ്ങൾക്ക് അംഗീകാരം നൽകിട്ടുണ്ട്. 11 പ്രൊപ്പോസലുകളിലായി 45 കോടി രൂപയുടെ പദ്ധതികളുടെ പ്രോസസ്സിംഗ് പുരോഗതിയിലാണ്. ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള സപ്ലൈ ചെയിൻ സർവ്വീസുകൾ, വെയർഹൗസുകൾ, സൈലോ (SILOS) കൾ, പാക്കേജിംഗ് യൂണിറ്റുകൾ, പരിശോധനാ യൂണിറ്റുകൾ, സോർട്ടിംഗ് ആൻഡ് ഗ്രേഡിംഗ് യൂണിറ്റുകൾ, കോൾഡ് സ്റ്റോറുകളും കോൾഡ് ചെയിനുകളും, ലോജിസ്റ്റിക് സൗകര്യങ്ങൾ, പ്രാഥമിക പ്രോസസ്സിംഗ് സെന്ററുകൾ, റൈപനിംഗ് ചേംബറുകൾ, വാക്സിംഗ് പ്ലാന്റുകൾ എന്നിവ പോലുള്ള പോസ്റ്റ് ഹാർവെസ്റ്റ് മാനേജുമെന്റ് പദ്ധതികൾക്കാണ് ഈ പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നത്.

(സി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പെർള സർവ്വീസ് സഹകരണ ബാങ്ക് ഒരു കോടി രൂപ മതിപ്പുതുകയുള്ള ഗോഡൗൺ നിർമ്മാണത്തിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിനാവശ്യമായ പ്രോജക്ട് ബാങ്ക് നാളിതുവരെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. കൂടാതെ മഞ്ചേശ്വരം സർവ്വീസ് സഹകരണ ബാങ്കും പദ്ധതിയിലെ താല്പര്യം സംസ്ഥാന സഹകരണ ബാങ്കിനെ അറിയിച്ചിട്ടുണ്ട്.

ഊരാളുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപങ്ങൾ

263(277) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ശതമാനം അധിക പലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സംഘം ക്ലിപ്തം നമ്പർ. 10957, 1925-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സഹകരണ സംഘമാണ്. സർക്കാരിന്റെ ഓഹരി പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സംഘത്തിൽ ഇപ്പോൾ 15000-ത്തിൽ കൂടുതൽ തൊഴിലാളികൾ നിത്യവും നേരിട്ടും അത്രതന്നെ അല്ലാതെയും ജോലി ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് നിത്യവും തൊഴിൽ കൊടുക്കുന്നതിനായി ഏറ്റെടുത്ത ചെയ്തുതീർക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ

LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതായിട്ടുണ്ടെന്നും ഏറ്റെടുത്ത മുഴുവൻ പ്രവൃത്തികളും കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ഏറ്റെടുത്തതാണെന്നും ബിൽ തുക ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ ഏറ്റെടുത്ത പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കണമെങ്കിൽ ഫണ്ട് ആവശ്യമാണെന്നും എങ്കിൽ മാത്രമേ സർക്കാരിന്റെ പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കി നാടിനു സമർപ്പിക്കുവാൻ കഴിയുകയുള്ളുവെന്നും ഇത്തരത്തിലുള്ള എല്ലാ പ്രവൃത്തികളും സമയബന്ധിതമായി ഗുണനിലവാരത്തോടെ പൂർത്തിയാക്കുക എന്നതാണ് സംഘത്തിന്റെ പ്രവർത്തന വിജയമെന്നും കൂടാതെ പ്രവൃത്തികൾ കൃത്യസമയത്തുതന്നെ പൂർത്തിയാക്കിയില്ലെങ്കിൽ ഭീമമായ സംഖ്യ പൈനൽ അടക്കേണ്ടതായിവരുമെന്നും സംഘത്തിന്റെ പ്രവർത്തനമൂലധനത്തിൽ പ്രധാനമായും പൊതുജനങ്ങളിൽനിന്നും വാങ്ങുന്ന നിക്ഷേപങ്ങളാണെന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും ക്യാഷ് ക്രെഡിറ്റ് വായ്പാസൗകര്യം മാത്രമേയുള്ളുവെന്നും ജില്ലാബാങ്കിനെ മാത്രം ആശ്രയിച്ചാൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ പറ്റാത്ത സ്ഥിതിയുണ്ടാകുമെന്നും പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന ഡെപ്പോസിറ്റ് മുഖേനയുള്ള ഫണ്ട് സർക്കാരിൽനിന്നും ഏറ്റെടുത്ത പ്രവൃത്തികളുടെ നിർവ്വഹണത്തിനായാണ് നിക്ഷേപിക്കുന്നതെന്നും സംഘം സ്വീകരിക്കുന്ന മുഴുവൻ ഡെപ്പോസിറ്റും സർക്കാരിന്റെ ഡെപ്പോസിറ്റ് ഗ്യാരണ്ടിയുള്ള സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും സംഘം ഒരു നോൺ ക്രെഡിറ്റ് സഹകരണ സംഘമായതുകൊണ്ടുതന്നെ ബാങ്ക് നിരക്കിൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുമ്പോൾ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം എന്ന നിലയിൽ ഡെപ്പോസിറ്റുകൾ ലഭിക്കുന്നതിന് സാദ്ധ്യത കുറവാണെന്നും അറിയിച്ച സാഹചര്യത്തിലാണ് സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് ഒരു ശതമാനം അധികനിരക്കിൽ പലിശ നൽകിക്കൊണ്ട് സ്ഥിരനിക്ഷേപം സ്വീകരിക്കുവാൻ അനുമതി നൽകിയത്.

(ബി) ഈ സാമ്പത്തികവർഷവും പ്രസ്തുത അനുമതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) സ്ഥിരനിക്ഷേപങ്ങൾക്ക് ഊരാളുങ്കൽ സൊസൈറ്റി നൽകുന്ന പലിശ നിരക്ക് എത്രയാണെന്ന് കാലയളവ് ഉൾപ്പെടെ വിശദമാക്കാമോ?

ഒരു വർഷത്തിൽ കൂടുതലുള്ള നിക്ഷേപങ്ങൾക്ക് 8.50% പലിശ നിരക്ക് അനുവദിക്കുന്നു. മുതിർന്ന പൗരന്മാർക്ക് 0.50% അധികപലിശ അനുവദിക്കുന്നുണ്ട്.

(ഡി) 2020-21 കാലയളവിൽ ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിരനിക്ഷേപത്തിൽ എത്ര കോടിയുടെ വർദ്ധനവ് ഉണ്ടായെന്ന് അറിയിക്കുമോ?

2020-21 കാലയളവിൽ ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപത്തിൽ 371.84 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) 31-3-2021-ൽ ഊരാളുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപം എത്രയാണ്?

31-3-2021-ൽ ഊരാളുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപം 1400.04 കോടി രൂപയാണ്.

സഹകരണ മേഖലയിലെ സ്ഥിരനിക്ഷേപങ്ങൾ

264(278) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും സഹകരണ സംഘങ്ങളിലെയും സ്ഥിരനിക്ഷേപങ്ങളിൻമേലുള്ള പലിശനിരക്കും കാലയളവും വ്യക്തമാക്കാമോ?

സഹകരണ ബാങ്കുകളിലെയും സഹകരണ സംഘങ്ങളിലെയും സ്ഥിര നിക്ഷേപങ്ങളിൻമേലുള്ള പലിശ നിരക്കും കാലയളവും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഏതെല്ലാം സഹകരണ സംഘങ്ങളാണ് അധികപലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

അധികപലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ 1389.
2. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം, നമ്പർ 10957
3. വയനാട് ജില്ലാ ഡിസ്ട്രിക്ട് കോൺട്രാക്ടേർസ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ - W.298.
4. ഉദയപുരം ലേബർ കോൺട്രാക്ട്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.259

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly